# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.930** **05.02.2020 ലെ മറുപടി**

## ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ്

**ചോദ്യം**

**ശ്രീ.എ.എൻ.ഷംസീർ :**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ഭരണാനുമതി എന്നത്തേക്ക് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

(എ)യും (ബി)യും

ഈ പ്രവൃത്തി നിർദ്ദിഷ്ട ഉൾനാടൻ ജലഗതാഗത പാത നിശ്ചയിച്ച റൂട്ടിൽ ഉൾപ്പെട്ടതാണോ എന്നതിനെ സംബന്ധിച്ചുള്ള തീരുമാനം അന്തിമമായി ലഭിച്ചതിന് ശേഷമാണ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, ഐ.ഡി.ആർ.ബി യിൽ രൂപരേഖക്ക് സമർപ്പിച്ചത് . ഐ.ഡി.ആർ.ബിയിൽ നിന്നും ലഭിച്ച രൂപ രേഖ പ്രകാരം 900 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിശദമായ പദ്ധതി രേഖ ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുണ്ട് . വിശദമായ പദ്ധതി രേഖയിൽ കോസ്റ്റ് ബെനഫിറ്റ്-റേഷ്യോ കൂടി ഉൾപ്പെടുത്തേണ്ടതിനാൽ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷിയിടങ്ങളുടെ ആയക്കെട്ട് ലഭ്യമാക്കേണ്ടതുണ്ട് . ആയത് ബന്ധപ്പെട്ട റവന്യൂ അധികൃതർ തയ്യാറാക്കി വരുന്നു. ആയക്കെട്ട് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**